## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 12 06-01-2014-ൽ മറുപടിക്ക്.

### നീര ഉൽപ്പാദനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ:<br>" എ. പി. അബ്ദുള്ളക്കുട്ടി:<br>" വി. ഡി. സതീശൻ:<br>" പാലോട് രവി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നീര ഉല്പാദനം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനും, നീരയുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി, എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി 10 അംഗ ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിക്കുകയുണ്ടായി. ടി കമ്മിറ്റി, സമർപ്പിച്ച റിപ്പോർട്ട് വിശദമായി പഠിച്ചശേഷം, വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) സംസ്ഥാനത്തെ കേരകർഷകർ, നാളികേരത്തിന്റെ വിലയിടിവ് മൂലം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക, പല ജില്ലകളിലും വ്യത്യസ്ത കാരണങ്ങളാൽ അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളിലെ കള്ള് ചെത്ത് തൊഴിലാളികൾ നേരിടുന്നപ്രശ്നങ്ങൾ ഉൾപ്പെടെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുക എന്നീ ലക്ഷ്യ ങ്ങൾ നേടുക വഴി സംസ്ഥാനത്തിന്റെ കാർഷിക, സാമ്പത്തിക മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | നീര ഉല്പാദനം സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (സി) | നീരയുടെ ഉല്പാദനവും വിപണനവും ഏത് തരത്തിലായിരിക്കണം എന്നതിനെ സംബന്ധിച്ച് സർക്കാരിന് വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട്. നീരയുടെ ഉല്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന്, അബ്കാരി ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തി, കള്ളുഷാപ്പുകൾ വില്പന നടക്കാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും, മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും, നീര ഉല്പാദിപ്പിക്കുന്നതിന്, പരീക്ഷണാടിസ്ഥാനത്തിൽ, നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി / സമിതി, ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | നീരയുടെ ഉല്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന്, അബ്കാരി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ടി ഭേദഗതികൾ നടപ്പിലാകുന്നതോടു കൂടി, സംസ്ഥാനത്ത് നീരയുടെ ഉല്പാദന വും വിപണനവും ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ, റ്റോഡി-നീര ബോർഡ് സ്ഥാപിക്കുന്നതിനുള്ള പ്രായോഗികതയും പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ആഫീസർ